Australian Government

COVID-19 VACCINATION

# നിങ്ങളുടെ കോമിർനാറ്റി (Pfizer) COVID-19 വാക്സിനേഷന് ശേഷം

അവസാനമായി അപ്ഡേറ്റ് ചെയ്തത്: 2020 ആഗസ്റ്റ് 18

## വാക്സിനെ കുറിച്ചുള്ള വിവരങ്ങൾ

നിങ്ങൾക്ക് ഇന്ന് **കൊമിർനാറ്റി (Pfizer Australia Pty Ltd) വാക്സിൻ** ലഭിച്ചു.

COVID-19 മൂലം ആളുകൾ രോഗികളാകുന്നത് തടയാൻ ഈ വാക്സിൻ സഹായിക്കും. Pfizer COVID-19 വാക്സിനിൽ സജീവ വൈറസുകൾ ഒന്നുമില്ല, മാത്രമല വാക്സി എടുക്കുന്നതിലൂടെ നിങ്ങൾക്ക് COVID-19 ബാധിക്കുന്നതുമല്ല. സ്പൈക്ക് പ്രോട്ടീൻ എന്നറിയപ്പെടുന്ന SARS-CoV-2 വൈറസിന്റെ ഒരു പ്രധാന ഭാഗത്തിന്റെ ജനിതക കോഡ് ഇതിൽ അടങ്ങിയിരിക്കുന്നു. വാക്സിൻ ലഭിച്ച ശേഷം, നിങ്ങളുടെ ശരീരം സ്പൈക്ക് പ്രോട്ടീന്റെ പകർപ്പുകൾ സൃഷ്ടിക്കുന്നു. നിങ്ങളുടെ രോഗപ്രതിരോധ ശേഷി SARS-CoV-2 വൈറസിനെ തിരിച്ചറിയാനും അവയ്ക്കെതിരെ പോരാടാനും പഠിക്കും. ജനിതക കോഡിനെ ശരീരം വളരെ വേഗത്തിൽ വിഘടിപ്പിക്കുന്നു.

## വാക്സിനേഷന് ശേഷം എന്താണ് പ്രതീക്ഷിക്കേണ്ടത്

മറ്റ് ഏതൊരു വാക്സിനിലും എന്ന പോലെ, ഒരു COVID-19 വാക്സിൻ സ്വീകരിച്ചതിന് ശേഷം നിങ്ങൾക്ക് ചില പാർശ്വഫലങ്ങൾ ഉണ്ടായേക്കാം.

**Pfizer** സ്വീകരിച്ച ശേഷമുള്ള **സർവ്വ സാധാരണമായ** പാർശ്വഫലങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദനയോ വീക്കമോ
- ക്ഷീണം
- തലവേദന
- പേശീ വേദന
- പനിയും കിടുങ്ങലും
- സന്ധി വേദന.

**Pfizer** സ്വീകരിച്ച ശേഷമുള്ള **അത്ര സാധാരണമല്ലാത്ത** പാർശ്വഫലങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് ചുവപ്പ് നിറം
- മനംപിരട്ടൽ
- വീങ്ങിയ ലിംഫ് നോഡുകൾ
- സുഖമില്ലായ്മ അനുഭവപ്പെടൽ
- കൈകാലുകളിൽ വേദന
- ഉറക്കമില്ലായ്മ
- കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് ചൊറിച്ചിൽ.

ഈ പാർശ്വഫലങ്ങൾ സാധാരണയായി വളരെ ചെറുതാണ്, അവ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അപ്രത്യക്ഷമാകും. സാധാരണമായി ഉപയോഗിക്കുന്ന മറ്റ് വാക്സിനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വാക്സിൻ സ്വീകരിക്കുന്ന ചില ആളുകൾക്ക് കൂടുതൽ പ്രകടമായ രീതിയിൽ ഫ്ലൂ പോലുള്ള ലക്ഷണങ്ങൾ അനുഭവപ്പെടും, മാത്രമല്ല സാധാരണ പ്രവർത്തനങ്ങളിൽ നിന്ന് കൂടുതൽ സമയം വിശ്രമം ആവശ്യമായും വന്നേക്കാം. ഈ ലക്ഷണങ്ങൾ രണ്ട് ഡോസിന് ശേഷവും പ്രകടമാകാം, പക്ഷേ രണ്ടാമത്തെ ഡോസിന് ശേഷമാണ് ഇത് കൂടുതൽ കാണപ്പെടുന്നത്.

കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദന അല്ലെങ്കിൽ കുത്തിവയ്പ്പ് എടുത്ത ശേഷം നിങ്ങൾക്ക് പനിയോ, തലവേദനയോ, ശരീരവേദനയോ അനുഭവപ്പെടുകയാണെങ്കിൽ, നിങ്ങൾക്ക് പാരസെറ്റമോൾ അല്ലെങ്കിൽ ഇബുപ്രൂഫെൻ എടുക്കാം. മുകളിൽ വിവരിച്ച രോഗലക്ഷണങ്ങളിൽ ചിലത് കുറയ്ക്കാൻ ഇവ സഹായിക്കുന്നു (വാക്സിനേഷന് മുമ്പ് നിങ്ങൾ പാരസെറ്റമോൾ അല്ലെങ്കിൽ ഇബുപ്രൂഫെൻ എടുക്കേണ്ടതില്ല). കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വീക്കം ഉണ്ടെങ്കിൽ, നിങ്ങൾക്ക് ഒരു കോൾഡ് പ്രസ്സ് ഉപയോഗിക്കാം.

**Pfizer** എടുത്ത ശേഷം **അപൂർവ്വമായി** പ്രകടമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പാർശ്വഫലങ്ങൾ ഇവയാണ്:

- രൂക്ഷമായ അലർജിക്ക് റിയാക്ഷൻ (അനാഫൈലാക്സിസ്)
- മയോകാർഡൈറ്റിസും (ഹൃദയ പേശികളുടെ വീക്കം) പെരികാർഡൈറ്റിസും (ഹൃദയത്തിന്റെ പാർശ്വഭിത്തികളുടെ വീക്കം). ഈ കേസുകളുടെ ദീർഘകാല നിരീക്ഷണം നടക്കുന്നുണ്ടെങ്കിലും, റിപ്പോർട്ട് ചെയ്ത മിക്ക കേസുകളും വളരെ ചെറുതും വേഗത്തിൽ സുഖപ്പെടുന്നതുമാണ്. കേസുകൾ പ്രധാനമായും രണ്ടാമത്തെ ഡോസിന് ശേഷവും മുഖ്യമായും ചെറുപ്പക്കാരിലുമാണ് (30 വയസ്സിനു മുകളിൽ) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

വാക്സിനേഷന് ശേഷം നിങ്ങൾക്ക് ഇവ അനുഭവപ്പെടുകയാണെങ്കിൽ വൈദ്യ സഹായം തേടുക:

- നിങ്ങൾക്ക് ഒരു അലർജിക്ക് റിയാക്ഷൻ ഉള്ളതായി നിങ്ങൾക്ക് തോന്നുകയാണെങ്കിൽ. ശ്വസിക്കാൻ ബുദ്ധിമുട്ട്, വലിവ്, വേഗത്തിലുള്ള ഹൃദയമിടിപ്പ് അല്ലെങ്കിൽ തളർന്ന് വീഴുക എന്നിവ പോലുള്ള രൂക്ഷമായ രോഗലക്ഷണങ്ങൾ നിങ്ങൾക്ക് അനുഭവപ്പെടുകയാണെങ്കിൽ 000 എന്ന നമ്പറിൽ വിളിക്കുക
- നെഞ്ചിൽ വേദനയോ, സമ്മർദ്ദമോ അല്ലെങ്കിൽ അസ്വസ്ഥതയോ, ക്രമരഹിതമായ ഹൃദയമിടിപ്പ്, ഹൃദയമിടിപ്പ് വിട്ടുപോകൽ അല്ലെങ്കിൽ 'ഫ്ലട്ടറിംഗ്', ബോധക്ഷയം, ശ്വാസം മുട്ടൽ അല്ലെങ്കിൽ ശ്വസിക്കുമ്പോൾ വേദന
- സാധ്യതയുള്ള ഒരു പാർശ്വഫലത്തെ കുറിച്ച് ആശങ്കയുണ്ട് അല്ലെങ്കിൽ പുതിയതോ അപ്രതീക്ഷിതമോ ആയ രോഗലക്ഷണങ്ങളുണ്ട്
- കുറച്ച് ദിവസങ്ങൾക്ക് ശേഷവും അപ്രത്യക്ഷമാകാത്ത വാക്സിന്റെ പ്രതീക്ഷിച്ച ഒരു പാർശ്വഫലം ഉണ്ട്.

അടിയന്തിരമല്ലാത്ത പാർശ്വഫലങ്ങൾക്ക്, നിങ്ങളുടെ പതിവ് ആരോഗ്യ ദാതാവിനെ (ഉദാ: നിങ്ങളുടെ ജെനറൽ പ്രാക്ടീഷണർ) നിങ്ങൾക്ക് കാണാവുന്നതാണ്.

## വാക്സിൻ സുരക്ഷാ നിരീക്ഷണവും പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യലും

സംശയിക്കപ്പെടുന്ന പാർശ്വഫലങ്ങൾ നിങ്ങളുടെ വാക്സിനേഷൻ ദാതാവിനോ മറ്റ് ആരോഗ്യ പരിപാലന വിദഗ്ദ്ധർക്കോ റിപ്പോർട്ട് ചെയ്യാൻ നിങ്ങൾക്ക് കഴിയും. അവർ നിങ്ങളുടെ താൽപ്പര്യാർത്ഥം നിങ്ങളുടെ സംസ്ഥാനത്തിനോ പ്രവിശ്യാ ആരോഗ്യ വകുപ്പിനോ അല്ലെങ്കിൽ നേരിട്ട് തെറാപ്പ്യൂട്ടിക്ക് ഗുഡ്സ് അഡ്മിനിസ്ട്രേഷനോ (TGA) ഒരു ഔദ്യോഗിക റിപ്പോർട്ട് നൽകും.

നിങ്ങൾക്ക് അവ സ്വയം റിപ്പോർട്ട് ചെയ്യണമെന്ന് ഉണ്ടെങ്കിൽ, TGA വെബ്സൈറ്റിലെ ഒരു COVID-19 വാക്സിനുമായി ബന്ധപ്പെട്ട സംശയകരമായ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യൽ എന്ന വെബ്പേജ് സന്ദർശിച്ച് ആ പേജിലെ നിർദ്ദേശങ്ങൾ പിന്തുടരുക.

## COVID-19 പരിശോധനയും വാക്സിനേഷനും

COVID-19 വാക്സിൻ എടുത്തത് മൂലമുള്ള ചില പാർശ്വഫലങ്ങൾ COVID-19-ന്റെ (ഉദാ. പനി) ലക്ഷണങ്ങൾക്ക് സമാനമായിരിക്കും. എന്നിരുന്നാലും, Pfizer-ൽ സജീവ വൈറസ് ഒന്നും

അടങ്ങിയിട്ടില്ല, മാത്രമല്ല ഇതിന് നിങ്ങളിൽ COVID-19-ന് ഇടയാക്കാനും കഴിയില്ല. ഇനിപ്പറയുന്നവ ഉണ്ടാവുകയാണെങ്കിൽ നിങ്ങൾ ഒരു COVID-19 പരിശോധനയ്ക്ക് വിധേയമാവുകയോ ഐസൊലേറ്റ് ചെയ്യുകയോ ചെയ്യേണ്ടതില്ല:

- വാക്സിനേഷൻ കഴിഞ്ഞ് ആദ്യ രണ്ട് ദിവസങ്ങളിൽ പനി, തലവേദന അല്ലെങ്കിൽ ക്ഷീണം തുടങ്ങിയ പൊതുവായ ലക്ഷണങ്ങൾ നിങ്ങളിൽ പ്രകടമാവുകയാണെങ്കിൽ, മാത്രമല്ല
- നിങ്ങൾക്ക് ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളൊന്നും ഇല്ലെന്ന് ഉറപ്പാണെങ്കിൽ (ഉദാ. മൂക്ക്, ചുമ, തൊണ്ടവേദന, മണം നഷ്ടപ്പെടുക അല്ലെങ്കിൽ രുചി നഷ്ടപ്പെടുക).

എന്നിരുന്നാലും, ഏറ്റവും പുതിയ വിവരങ്ങൾക്കായി നിങ്ങളുടെ സംസ്ഥാനത്തെ/പ്രവിശ്യയിലെ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ നിങ്ങൾ പരിശോധിക്കണം. നിങ്ങളുടെ പ്രാദേശികമായ മേഖലയിൽ ഒരു COVID-19 വ്യാപനം ഉണ്ടായാൽ ഈ ഉപദേശം മാറിയേക്കാം. നിങ്ങൾ മറ്റ് മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ നിങ്ങൾ തുടർന്നും ഒരു COVID-19 പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്, ഉദാഹരണത്തിന്, നിങ്ങൾക്ക് ഒരു തിരിച്ചറിയപ്പെട്ട COVID-19 രോഗിയുമായി അടുത്ത സമ്പർക്കം ഉണ്ടായിട്ടുണ്ട്. സംശയമുണ്ടെങ്കിൽ, വൈദ്യ പരിശോധനയ്ക്ക് വിധേയമാവുക.

## നിങ്ങളുടെ രണ്ടാമത്തെ അപ്പോയിന്റ്മെന്റ് ഓർത്തിരിക്കുക

Pfizer COVID-19 വാക്സിന്റെ രണ്ട് ഡോസുകൾ നിങ്ങൾക്ക് ലഭിക്കേണ്ടത് പ്രധാനമാണ്. ഈ ഡോസുകൾ സാധാരണയായി 3-6 ആഴ്ചകൾക്കിടയിലാണ് നൽകുന്നത്, എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽ ഇടവേളകൾ ശുപാർശ ചെയ്യപ്പെടാം. രണ്ടാമത്തെ ഡോസ് COVID-19-ന് എതിരെയുള്ള പരിരക്ഷയുടെ കാലാവധി നീട്ടാൻ സാധ്യതയുണ്ട്.

## നിങ്ങളുടെ അപ്പോയിന്റ്മെന്റിൽ നിങ്ങൾ നൽകുന്ന വിവരങ്ങൾ എങ്ങനെയാണ് ഉപയോഗിക്കപ്പെടുന്നത്

നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുകയും, സംഭരിക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾക്ക്, https://www.health.gov.au/using-our-websites/privacy/privacy-notice-for-covid-19-vaccinations സന്ദർശിക്കുക